(സി) ഉപയോഗപ്രദമായതും കുറ്റമറ്റതുമായ രീതിയിലുള്ള ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

റോഡപകടങ്ങൾ

93 (101) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഗവൺമെന്റ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും ചർച്ച നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പഠനം നടത്തിയിട്ടുണ്ട്. സർക്കാർ തലത്തിൽ പോലീസ്, പബ്ലിക് വർക്ക്സ് (റോഡ്സ്, ബ്രിഡ്ജ്, നാഷണൽ ഹൈവേ) ട്രാൻസ്പോർട്ട്, ഫോറസ്റ്റ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളും ആയത് കുറയ്ക്കുന്നതിലേക്കായി എടുക്കേണ്ട നടപടികളെ സംബന്ധിച്ച് വിശദമായി പഠനം നടത്തുകയും കമ്മിറ്റിയുടെ ശുപാർശ പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി കാലാകാലങ്ങളിൽ യോഗം കൂടുകയും വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും ആ തീരുമാനങ്ങൾ അതാതു വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരികയുമാണ്.

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് വിവിധ സുരക്ഷാ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷാ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി കാലാകാലങ്ങളിൽ യോഗം കൂടി വിവിധ വകുപ്പുകൾ

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും തീരുമാനങ്ങൾ അതാതു വകുപ്പുകൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ദേശീയ പാതയിലും എം.സി.റോഡിലും ഹൈവേ പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഓട്ടോറിക്ഷാകളിൽ സഞ്ചരിക്കുമ്പോൾ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും അമിത യാത്രാ കൂലി ഈടാക്കുന്നത് തടയുന്നതിനും തിരുവനന്തപുരം,എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ പ്രീപെയ്ഡ് ഓട്ടോറിക്ഷാ ഫെയറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാഫിക് അപടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സാ ലഭ്യമാക്കുന്നതിന് ട്രാഫിക് പോലീസ് ഹെൽപ്പ് ലൈൻ സംവിധാനം എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ പൊതുമരാമത്ത്, മുൻസിപ്പൽ , റവന്യൂ വകുപ്പ് അധികാരികളുടെ സഹായത്തോടെ നടപ്പാതകളിലെ അനധികൃത കൈയേറ്റങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ ഘട്ടംഘട്ടമായി നടപടികൾ സ്വീകരിച്ചു വരുന്നു. മോട്ടോർ വാഹന നിയമങ്ങൾ കർശനമായും നടപ്പിലാക്കണമെന്ന് എല്ലാ പോലീസ് അധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് ജോലികളിൽ പോലീസിനെ സഹായിക്കാൻ വിദ്യാർത്ഥികൾക്കായി സ്റ്റുഡൻസ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. വാഹനങ്ങളിൽ സംഗീതം ഉപയോഗിക്കുന്നതിനെതിരെയും നടപടി സ്വീകരിച്ചു വരുന്നു. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി വാഹനങ്ങളുടെ വേഗതാ പരിധി കർശനമായി പാലിക്കണമെന്ന് പൊതുജനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ ട്രാഫിക് സിഗ്നൽ സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ഇതിനും പുറമെ ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ വൺവേ ട്രാഫിക് ഏർപ്പെടുത്തുകയും ഗതാഗത നിയന്ത്രണത്തിനാവശ്യമായ ട്രാഫിക് പോലീസിനെ നിയോഗിക്കുകയും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിക്കുകയും തുടർച്ചയായി പട്രോളിംഗ് നടത്തിയും വരുന്നു. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ എന്നീ ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിക്കുകയും അവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പ്രൈവറ്റ് ബസുകളുടെ വേഗത നിയന്ത്രിക്കുന്നതിനായി എല്ലാ സിറ്റികളിലും 'സ്റ്റൈ' എൻഫോഴ്സ്മെന്റ് ചെക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രികാലങ്ങളിൽ വാഹനങ്ങളിൽ ഹെഡ്ലൈറ്റ് 'ഡിം' ചെയ്യാത്ത ഡ്രൈവർമാർക്കെതിരെ കർശന നിയമനടപടികൾ എടുക്കുന്നുണ്ട്. 2000 മേയ് 15 മുതൽ ജൂൺ 15 വരെ ട്രാഫിക് സേഫ്റ്റി മാസമായി ആചരിച്ചു റോഡു സുരക്ഷാ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം വളർത്തുവാൻ തീരുമാനിച്ച് ആചരിച്ചു വരുന്നു.

(ഇ&എഫ്) ഇതു സംബന്ധിച്ച് 8-5-2000-ൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിക്കുകയും അതിൽ പോലീസ് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

15-5-2000-ൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ തീരുമാനിച്ചതുപ്രകാരം 2000 മേയ് 15 മുതൽ ജൂൺ 15 വരെ റോഡ് സുരക്ഷാ മാസമായി ആചരിക്കുകയും ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

ധീരതയ്ക്ക് അംഗീകാരം നൽകുവാൻ നടപടി

94 (103) ശ്രീ. എം.മുരുപ്പി താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ ചെന്നിത്തല വില്ലേജിൽ 24-6-1999-ൽ ചെറുകോൽ ശ്രീ ശുഭാനന്ദാശ്രമത്തിലെ ജയഭദ്രൻ എന്ന ആന മദിച്ചുകയറിയപ്പോൾ പാപ്പാനെ രക്ഷപ്പെടുത്തിയ ചെന്നിത്തല വില്ലേജിൽ ചെറുകോൽ മുറിയിൽ നിലയ്ക്കൽ തെക്കതിൽ പുരുഷോത്തമൻ പിള്ളയുടെ ധീരകൃത്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തം ധീരതയിലൂടെ ആനപാപ്പാനേയും ജനങ്ങളേയും രക്ഷിച്ച പുരുഷോത്തമൻ പിള്ളയ്ക്ക് തക്കതായ അംഗീകാരവും പ്രതിഫലവും നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ ചെങ്ങന്നൂർ റവന്യൂ ഡിവിഷൻ അധികൃതർ കാണിച്ചതായി പറയുന്ന അവഗണനയും കൃത്യവിലോപവും സർക്കാർ അന്വേഷിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. പുരുഷോത്തമൻ പിള്ളയും മറ്റു ചിലരും ചേർന്ന് 5-5-2000-ൽ അസിസ്റ്റന്റ് കളക്ടർ ചെങ്ങന്നൂർ മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൻമേൽ ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല. ധീരതയ്ക്ക് അംഗീകാരത്തിനുള്ള ജീവൻരക്ഷാപഥക് സിരിസ് അവാർഡുകൾ കേന്ദ്ര സർക്കാരാണ് നൽകുന്നത്. ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാലുടൻ ഇക്കാര്യം പരിശോധിച്ച് കേന്ദ്രസർക്കാരിന് ശുപാർശ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചെങ്ങന്നൂർ റവന്യൂ ഡിവിഷൻ അധികൃതരുടെ ഭാഗത്ത് ഒരു അവഗണനയും കൃത്യവിലോപവും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടാക്സി ഡ്രൈവർമാർ കൊല്ലപ്പെടുന്ന സംഭവം

95 (104) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് ടാക്സി വാടകയ്ക്കെടുത്തവരാൽ എത്ര ടാക്സി ഡ്രൈവർമാർ കൊല്ലപ്പെട്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly